15 -ാം കേരള നിയമസഭ

4 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2559 — 17-03-2022 - ൽ മറുപടിയ്ക്ക്

2022 സംരംഭക വർഷം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | null<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വ്യവസായ വകുപ്പ് 2022 സംരംഭക വർഷമായി പ്രഖ്യാപിച്ചിട്ടുണ്ടോ; എന്തൊക്കെ ആനുകൂല്യങ്ങളാണ് ഇതിനോടനുബന്ധിച്ച് സംരംഭകർക്ക് ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നത്? | (എ) | 2022-23 സാമ്പത്തിക വർഷം സംരംഭക വർഷമായി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി വിവിധ വകുപ്പുകളുടെ സംയോജിച്ചുള്ള പ്രവർത്തനത്തിലൂടെ പ്രസ്തുത സാമ്പത്തിക വർഷം സംസ്ഥാനത്ത് ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതിനായുള്ള പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണം, സഹകരണം, കൃഷി, മൃഗസംരക്ഷണം, ഫിഷറീസ്, ടൂറിസം, നോർക്ക വകുപ്പുകളുമായും ബാങ്കുകൾ, കേരള ഫിനാൻസ് കോർപ്പറേഷൻ, വ്യവസായ അസോസിയേഷനുകൾ, ട്രേഡ് യൂണിയനുകൾ, പ്രൊഫഷണൽ അസോസിയേഷനുകൾ, പൊതുമേഖല സ്ഥാപനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപന അദ്ധ്യക്ഷന്മാർ, സഹകരണ ബാങ്കുകളുടെ അദ്ധ്യക്ഷന്മാർ, സംസ്ഥാന പ്ലാനിങ് ബോർഡ് എന്നിവരുമായി വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ ചർച്ചകൾ നടത്തുകയും പ്രസ്തുത പരിപാടിക്ക് ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും മറ്റ് സഹായസഹകരണങ്ങൾ ലഭ്യമാക്കുന്നതിനുമുള്ള തീരുമാനം ആയിട്ടുമുണ്ട്. ഇത് കൂടാതെ തദ്ദേശസ്വയംഭരണസ്ഥാപന തലത്തിൽ പദ്ധതി നടത്തിപ്പിനായി 1155 ഇന്റേണുകളെ നിയമിക്കുന്നതിനുള്ള പ്രവർത്തനം സി.എം.ഡി വഴി നടത്തി വരുന്നുണ്ട്. ഇത് കൂടാതെ സംരംഭകർക്ക് ആവശ്യമായ പരിശീലനത്തിനുള്ള കൈപ്പുസ്തകം, വീഡിയോ, പോസ്റ്ററുകൾ എന്നിവ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുമുണ്ട്. കൂടാതെ സംരംഭം ആരംഭിക്കുന്നവർക്ക് കേരളാ ബാങ്ക് വഴി കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ